# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 412** | **18.10.2011 ൽ മറുപടിയ്ക്ക്**

## ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>" സി.പി.മുഹമ്മദ്<br>" കെ. ശിവദാസൻ നായർ<br>" എം.എ.വാഹീദ് | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ വിവിധ വകുപ്പുകളുടെ കീഴിലാകുന്നതുകൊണ്ട് ടൂറിസം വികസനത്തിന് ബുദ്ധിമുട്ടു നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പൂർണ്ണ നിയന്ത്രണം ടൂറിസം വകുപ്പിനു കീഴിലാക്കാനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്; | (ബി) എല്ലാ ടൂറിസം കേന്ദ്രങ്ങളുടേയും നിയന്ത്രണം ടൂറിസം വകുപ്പിന്റെ കീഴിലാക്കുന്നത് പ്രായോഗികമാണെന്ന് കരുതുന്നില്ല. എന്നാൽ ഏകോപനത്തിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളിൽ വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ഏകോപനം ആവശ്യമാണെന്ന് കരുതുന്നു. ഇതിനായി ടൂറിസം കരടു നയത്തിൽ മുഖ്യമന്ത്രി ചെയർമാനും വിവിധ വകുപ്പുകളുടെ മന്ത്രിമാർ അംഗങ്ങളുമായുള്ള ഒരു ക്യാബിനറ്റ് കമ്മിറ്റിയും അടിസ്ഥാന സൗകര്യ വികസനത്തിന് കർമ്മ സമിതികളും രൂപീകരിക്കുന്നതിന് നിർദ്ദേശമുണ്ട്. |

| | |
|---|---|
| (സി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ കെട്ടിട നിർമ്മാണ നിയമം ഇതുവഴി മറി കടക്കാൻ കഴിയുമോ; | (സി) കെട്ടിട നിയമം മറികടന്നുകൊണ്ടുള്ള ടൂറിസം വികസനം ഉദ്ദേശിക്കുന്നില്ല. |
| (ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത്? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

# വിശദീകരണകുറിപ്പ്

ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് ഏറ്റവും പ്രധാനം ആപ്രദേശത്തെ മേന്മയേറിയ അടിസ്ഥാന സൗകര്യങ്ങളാണ്. റോഡ്, കുടിവെള്ളം, വൈദ്യുതി, ശാസ്ത്രീയ ഖര - ദ്രവ മാലിന്യ സംസ്കരണം തുടങ്ങി വിവിധ അടിസ്ഥാന സൗകര്യങ്ങളാണ് ടൂറിസം കേന്ദ്രങ്ങളെ സംബന്ധിച്ച് ഏറ്റവും പ്രധാനം. ഇവ ഇപ്പോൾ വിവിധ വകുപ്പുകളാണ് കൈകാര്യം ചെയ്യുന്നത്. ഇവയെല്ലാം ടൂറിസം വകുപ്പിന്റെ കീഴിൽ കൊണ്ടു വരിക എന്നത് തീർത്തും അപ്രായോഗികമാണ്. എന്നാൽ ഈ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഏറ്റവും അത്യാവശ്യവുമാണ്. എന്നാൽ പലപ്പോഴും ഈ ഏകോപനം സാധ്യമാകാത്തത് പ്രശ്നമാകാറുണ്ട്. അതുകൊണ്ട് വിവിധ വകുപ്പുകളെ ടൂറിസം വകുപ്പിന്റെ കീഴിലാകാത്തതിന് പകരം ഏകോപ ിപ്പിക്കുന്നതിനുള്ള ശ്രമമാണ് വേണ്ടതെന്ന് വകുപ്പ് കരുതുന്നു. ഇതിനുള്ള ഒരു ഇൻസ്റ്റിറ്റ്യൂഷണൽ മെക്കാനിസത്തെപ്പറ്റി ആലോചിക്കാവുന്നതാണ്. ഇപ്പോൾ നിലവിലുള്ള ഡെസ്റ്റിനേഷൻ

മാനേജ്മെന്റ് കൗൺസിലുകളിൽ വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കരടു ടൂറിസം നയത്തിൽ വിവിധ വകുപ്പുകളെ ഏകോപ ിപ്പിക്കുന്നതിന് ഉദ്ദേശിച്ച് മുഖ്യമന്ത്രി ചെയർമാനായുള്ള കാബിനറ്റ് കമ്മിറ്റിയും അടിസ്ഥാന സൗകര്യ വികസനത്തിന് കർമ്മ സമിതിയും ഉദ്ദേശിക്കുന്നുണ്ട്.